**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1356** — **12-02-2025 - ൽ മറുപടിയ്ക്ക്**

**വരിക്കോലി ഗവ. ജെ.ബി.എസ്. സ്കൂളിൽ മോഡൽ ബി.ആർ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്ത്നാട് മണ്ഡലത്തിൽ പുത്തൻകുരിശ് പഞ്ചായത്തിലെ 2001-02 ൽ അടച്ചുപൂട്ടിയ വരിക്കോലി ഗവ. ജെ.ബി.എസ്. സ്കൂളിൽ മോഡൽ ബി. ആർ. സി. ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **സ്റ്റാർസ് പദ്ധതിയുമായി ബന്ധപ്പെട്ട് വരിക്കോലി ഗവ. ജെ.ബി.എസ്. സ്കൂളിൽ മോഡൽ ബി.ആർ.സി പ്രൊപ്പോസ് ചെയ്യുകയും 2023-24 സാമ്പത്തിക വർഷം തന്നെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | ഇത് സംബന്ധിച്ച് എസ് 1/3029/2023/ എസ്.എസ്.കെ./സ്റ്റാർസ് എന്ന എസ്.എസ്.കെ.-യിൽ നിന്നുള്ള ഫയലിൽ ഗവ. സെക്രട്ടേറിയറ്റിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന വിവരവും പ്രസ്തുത ഫയൽ നമ്പറും ലഭ്യമാക്കാമോ; | (ബി) | **എസ്.എസ്.കെ.-സ്റ്റാർസ് പദ്ധതിയുടെ സിവിൽ വർക്കുമായി ബന്ധപ്പെട്ട എസ്.എസ്.കെ.-യുടെ പ്രസ്തുത ഫയലിൽ, ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിന് ആവശ്യമായ ടെക്നിക്കൽ മെമ്പേഴ്സിനെ ലഭ്യമാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.**<br><br>**പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഫയൽ നമ്പർ - P1/14/2025/G.Edn.**<br><br>**തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഫയൽ നമ്പർ - EWBI/21/2025-LSGD** |
| (സി) | 55 സെന്റോളം സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത സ്കൂൾ മോഡൽ ബി.ആർ.സി. യ്ക്ക് വളരെ അനുയോജ്യമായതിനാൽ ഇവിടെ എത്രയും വേഗത്തിൽ ആയത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | **എസ്.എസ്.കെ.-സ്റ്റാർസ് പദ്ധതിയുടെ പ്രസ്തുത സിവിൽ വർക്കുകളുടെ നിർമ്മാണം നടത്തുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ